"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് - മുള്ളുമല എസ്റ്റേറ്റിൽ ജനറൽ വർക്കർ തസ്തികയിൽ ജോലി നോക്കി വരവേ മരണമടഞ്ഞ ഹമീദ്-ന്റെ ആശ്രിതയും മകളുമായ ശ്രീമതി.ഷീജ ബീവി.എച്ച്-ന്, ടി കോർപ്പറേഷനിലെ ജനറൽ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(കൈ) നം.21/2024/AGRI തീയതി,തിരുവനന്തപുരം, 26-02-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.32/2007/പ്ലാനിംഗ്, തീയതി 07/06/2007
2. സ.ഉ.(അച്ചടി) നം.18/2018/പ്ലാനിംഗ്, തീയതി 22/11/2018
3. സ.ഉ.(അച്ചടി) നം.17/2023/പ്ലാനിംഗ്, തീയതി 26/08/2023
4. സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, മാനേജിങ് ഡയറക്ടറുടെ 28/04/2023-ലെ SFCK/Persl.2/DIHS/ 2023-24/ 233 നമ്പർ കത്ത്
5. കൊല്ലം ജില്ലാ കളക്ടറുടെ 11/01/2024-ലെ DCKLM/7644/2023-S4 നമ്പർ കത്ത്

**ഉത്തരവ്**

സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ (എസ്.എഫ്.സി.കെ) മുള്ളുമല എസ്റ്റേറ്റിൽ, ജനറൽ വർക്കർ തസ്തികയിൽ ജോലിനോക്കി വരവേ മരണമടഞ്ഞ ഹമീദ്-ന്റെ ആശ്രിതയും മകളുമായ ശ്രീമതി.ഷീജ ബീവി.എച്ച്-ന്, പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി കോർപ്പറേഷനിലെ ജനറൽ വർക്കർ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട്, മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) അപേക്ഷകയായ ശ്രീമതി. ഷീജ ബീവി എച്ച്, പരേതനായ ഹമീദ്-ന്റെ വിവാഹിതയായ മകളാണെന്നും, സേവന സാക്ഷ്യപത്രം പ്രകാരം ഹമീദ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ, മുള്ളുമല എസ്റ്റേറ്റിൽ, ജനറൽ വർക്കർ തസ്തികയിൽ ജോലിനോക്കി വരവേ 13-03-2022-ൽ മരണപ്പെട്ടിട്ടുള്ളതാണെന്നും, ടിയാന്റെ ജനനതീയതി 18-07-1966-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 01-04-2020-ഉം ആണെന്നും, സർവ്വീസിൽ നിന്നു വിരമിക്കേണ്ടിയിരുന്ന തീയതി 31-07-2024-ഉം ആകെ സർവ്വീസ് 1 വർഷവും 02 മാസവും 13 ദിവസവും ആണെന്നും (ശമ്പള രഹിത അവധി കാലയളവ് ഒഴികെ), അപേക്ഷക പരേതന്റെ അർഹതയുള്ള ആശ്രിതയും അവകാശിയുമാണ് എന്നതിനാലും പരേതന്റെ കുടുംബത്തിൽ നിന്നും മറ്റ് അവകാശികൾക്കാർക്കും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഇതിനു മുമ്പ് നിയമനം ലഭിച്ചിട്ടില്ല എന്നതിനാലും ശ്രീമതി.ഷീജ ബീവി.എച്ച്-നെ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിലേക്ക് പരിഗണിക്കാവുന്നതാണെന്നും കൊല്ലം ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3 ) അപേക്ഷകയായ ശ്രീമതി.ഷീജ ബീവി.എച്ച്-ന്റെ ജനനതീയതി 06-05-1989 ആണ്. ജനറൽ വർക്കർ തസ്തികയിൽ നിയമനം നൽകണമെന്നാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്. അപേക്ഷകയ്ക്ക് ആശ്രിത നിയമനം നൽകുന്നതിലേയ്ക്ക് അനുകൂലമായി മറ്റ് അവകാശികളും ആശ്രിത നിയമനം ലഭിച്ചാൽ മറ്റ് അവകാശികളെ സംരക്ഷിക്കുമെന്ന് അപേക്ഷകയും മൊഴി നൽകിയിട്ടുണ്ട്. അതോടൊപ്പം, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മുമ്പ് അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും മറ്റ് ആശ്രിതർ ആരും ടി ജോലിയ്ക്കായി അപേക്ഷിച്ചിട്ടില്ലെന്നുമുള്ള സത്യപ്രസ്ഥാവനയും കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളിലോ സ്ഥാപനങ്ങളിലോ ബാങ്കുകളിലോ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന സത്യപ്രസ്ഥാവനയും അപേക്ഷക സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ വാർഷിക കുടുംബവരുമാനം 48,000/- രൂപയാണ്.

4) പരാമർശം (4) പ്രകാരം എസ്.എഫ്.സി.കെ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ, പരാമർശം (1), (2), (3) ഉത്തരവുകളുടെയും പരാമർശം (5) റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.എഫ്.സി.കെ-യുടെ മുള്ളുമല എസ്റ്റേറ്റിൽ, ജനറൽ വർക്കർ തസ്തികയിൽ ജോലിനോക്കി വരവേ മരണമടഞ്ഞ ഹമീദ്-ന്റെ ആശ്രിതയും മകളുമായ ശ്രീമതി.ഷീജ ബീവി.എച്ച്-ന്, പരാമർശം (1), (2), (3) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടി കോർ പ്പറേഷനിലെ ജനറൽ വർക്കർ തസ്തികയിൽ, നിലവിലുള്ള/ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, വൈദ്യ പരിശോധന സർട്ടിഫിക്കറ്റ് തുടങ്ങിയവ, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധിച്ച ശേഷം, സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, നിയമന ഉത്തരവിന്റെയും പരാമർശം (3) പ്രകാരമുള്ള സംരക്ഷണ സമ്മത മൊഴിയുടെയും പകർപ്പം, സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സമീപകാലത്തുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം, നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷക നിയമനാധികാരി മുമ്പാകെ ഹാജരാകേണ്ടതാണ്. പൂർണ്ണമായും പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം നിയമനം നൽകേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

1. ശ്രീമതി.ഷീജ ബീവി.എച്ച്, കല്ലുപറമ്പിൽ വീട്, എടമൺ പി.ഒ., എടമൺ, കൊല്ലം-691307
2. മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
5. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (12/02/2024-ലെ PLGEA-BPE2/15/2024-PLGEA)
6. വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്.
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Premchand C P
Date: 26-02-2024 11:33:38

സെക്ഷൻ ഓഫീസർ